"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.എൽസിറ്റ റോസ് ആന്റോ-യ്ക്ക് അനുവദിച്ചിരുന്ന ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**721/2025**/LBR തീയതി,തിരുവനന്തപുരം, **16-06-2025**

---

പരാമർശം:-
1. **30.09.2023** ലെ സ.ഉ(സാധാ)നം.**1225/2022**/തൊഴിൽ
2. ഡോ.എൽസിറ്റ റോസ് ആന്റോ **07.03.2025** തീയതിയായി സമർപ്പിച്ച അപേക്ഷ.
3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ **04.05.2025** ലെ ഇ3-**2540/2023**/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.എൽസിറ്റ റോസ് ആന്റോ-യ്ക്ക് **06.01.2023** മുതൽ **31.01.2027** വരെ കെ.എസ്.ആർ. ഭാഗം **I**, അനുബന്ധം **XII B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശൂന്യവേതനാവധിയിലിരിക്കെ ടിയാൾക്ക് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സിവിൽ സർജനായി നിയമനം ലഭിക്കുകയുണ്ടായതായും ആയതിനാൽ അനുവദിച്ചിരുന്ന അവധിയിൽ ഉപയുക്തമാക്കാത്ത ഭാഗം ലീവ് റദ്ദ് ചെയ്യുന്നതിനായി അഭ്യർത്ഥിച്ചുകൊണ്ട് **07.03.2025** പൂർവ്വാഹ്നം തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് **10.03.2025** അപരാഹ്നത്തിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിന്നും വിടുതൽ ചെയ്യുകയുമുണ്ടായി. ആയതിനാൽ അനുവദിച്ച അവധിയിൽ നിന്നും **07.03.2025** മുതൽ **31.01.2027** വരെയുള്ള കാലയളവിലെ അവധി റദ്ദ് ചെയ്യുന്നതിനായി പരാമർശം **(2)** പ്രകാരം ഡോ.എൽസിറ്റ റോസ് ആന്റോ സമർപ്പിച്ച അപേക്ഷ പരാമർശം **(3)** പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റൻ്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.എൽസിറ്റ റോസ് ആന്റോ **07.03.2025** പൂർവ്വാഹ്നം സേവനത്തിൽ

തിരികെ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാൾക്ക് പരാമർശം **(1)** പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത **07.03.2025** മുതൽ **31.01.2027** വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം
ഡോ. ഡോ.എൽസിറ്റ റോസ് ആന്റോ, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് **(05.06.2025** ലെ **2509215/LBR-1/215/2023-FIN** പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 17-06-2025 11:25:51
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.